ശുദ്ധജലവിതരണ പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ നടപടി

16 [2633] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ (കോഴിക്കോട് ജില്ല) കുടത്താലുമ്മൽ ഐ. എച്ച്. ഡി. പി. കോളനിയിലെ കുടിവെള്ള വിതരണപദ്ധതി വൈദ്യുതി ലഭ്യമാക്കാത്തതുമൂലം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ. ഡബ്ലിയു. എ. പണമടച്ചിട്ടും പ്രസ്തുത പദ്ധതിക്ക് കണക്ഷൻ നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) കണക്ഷൻ ലഭ്യമാക്കുന്നത് സംബന്ധിച്ച് കെ. ഡബ്ല്യു. എ. അധികൃതർ കെ. എസ്. ഇ. ബി.-യിൽ വർഷങ്ങൾക്ക് മുമ്പേ ഹാജരാക്കിയ രേഖകൾ നഷ്ടപ്പെട്ടിട്ടുണ്ടോ;

(ഡി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസത്തെ സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേരള നിയമസഭ എസ്സി./എസ്. ടി കമ്മിറ്റി ഈ കോളനി സന്ദർശിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത പദ്ധതിക്ക് എന്ന് കണക്ഷൻ നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും ലൈൻ വലിക്കുന്നതിനുമുള്ള തുക അടച്ചതിൻപ്രകാരം ജോലി 29-11-2004-ന് പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വീസ് കണക്ഷനുള്ള അപേക്ഷ 7-3-2005-ലാണ് ലഭിച്ചിട്ടുള്ളത്.

(സി) കുന്ദമംഗലം പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 7-3-2005-നാണ് രേഖകൾ സമർപ്പിച്ചിട്ടുള്ളത്. കെ. ഡബ്ല്യു. എ. ഇതുവരെ രേഖകളൊന്നും സമർപ്പിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഊർജ്ജ വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(എഫ്) പ്രസ്തുത കണക്ഷന് വേണ്ട ക്യാഷ് ഡിപ്പോസിറ്റും സർവ്വീസ് കണക്ഷൻ ചാർജും അടച്ചാൽ ഉടൻതന്നെ കണക്ഷൻ നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly